## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3067 13.07.2015-ൽ മറുപടിയ്ക്ക്

### ഭൂമി തട്ടിപ്പ് കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കോടിയേരി ബാലകൃഷ്ണൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കടകംപള്ളിയിലേയും ഇടപ്പള്ളി പത്തടിപ്പാലത്തേയും ഭൂമി തട്ടിപ്പ് കേസുകളിൽ കോടികളുടെ ഇടപാട് നടന്നിട്ടുള്ളതായി സംശയമുണ്ടായിരുന്നുവോ ;<br><br>(ബി) എങ്കിൽ ഈ സംശയങ്ങളുടെ അടിസ്ഥാനത്തിലുള്ള അന്വേഷണത്തിലൂടെ സത്യം പുറത്ത് കൊണ്ടുവരാൻ വിജിലൻസിന് സാധിക്കാതെ പോയത് എന്തുകൊണ്ടായിരുന്നു; | (എ), (ബി)<br><br>കടകംപള്ളിയിലേയും ഇടപ്പള്ളി പത്തടിപ്പാലത്തേയും ഭൂമി തട്ടിപ്പ് കേസുകളിൽ കോടികളുടെ ഇടപാട് നടന്നതായി ആരോപണം ഉണ്ടായിരുന്നു. ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നു വരവെയാണ് സി.ബി.ഐ. അന്വേഷണത്തിന് ബഹു. ഹൈക്കോടതി ഉത്തരവിട്ടത്. |
| (സി) സലീംരാജ് ഭൂമി തട്ടിപ്പുകൾ നടത്തിയത് മുഖ്യമന്ത്രിയുടെ ഗൺമാൻ എന്ന നിലയിലുള്ള സ്വാധീനം ഉപയോഗിച്ചുകൊണ്ടായിരുന്നു എന്നറിയാമോ ; മുഖ്യമന്ത്രിയുടെ ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വം സംബന്ധിച്ച കേസിന്മേലുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധി ന്യായത്തിൽ 130-ാം പേജിലെ വാചകങ്ങൾ എന്തെല്ലാമായിരുന്നു ; വിധി പകർപ്പ് ഉദ്ധരിച്ച് വിശദീകരിക്കുമോ ; | (സി) മുഖ്യമന്ത്രിയുടെ ഗൺമാൻ ആയിരുന്ന സലീംരാജിന് ഭൂമി തട്ടിപ്പ് കേസുകളുമായി ബന്ധമുള്ളതായി ആരോപണം ഉയർന്നിരുന്നു. ബഹു. ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധിന്യായത്തിൽ 130-ാം പേജിലെ രണ്ട് വാചകങ്ങളിലാണ് മുഖ്യമന്ത്രിയേയും ഓഫീസിനെയും സംബന്ധിച്ചുള്ള വിമർശനം ഉള്ളത്. പ്രസ്തുത പരാമർശം ചുവടെ ചേർത്തിരിക്കുന്നു.<br><br>"The above incidents have raised serious questions on the functioning of the Chief Minister's Office which the Chief Minister is answerable to the State. Prima facie evidence of the persence of unscrupulous elements among the personal staff in the Chief Minister's Office and the associated criminal activities in these cases call for the thorough and independent investigation into the crime and the associated activities involving personal staff in the Chief Minister's Office." |

| | |
|---|---|
| ഡി) സി.ബി.ഐ. യുടെ അന്വേഷണത്തിലൂടെ വിജിലൻസ് കണ്ടെത്താത്ത എന്തെല്ലാം വസ്തുതകൾ പുറത്ത് വന്നിട്ടുണ്ട് ? | (ഡി) കേസുകളിൽ സി.ബി.ഐ. അന്വേഷണം അവസാനഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ